<u>ഭരണഭാഷ-മാതൃഭാഷ</u>


# കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

**പിൻ കോഡ്- 691001**

**GSTIN:32AAALK1455B1ZR**

**ഫോൺ നമ്പർ : 0474-2746193**

**https://kollamcorporation.gov.in, secretarykollam@gmail.com**


നമ്പർ: 1585992-2024 തീയതി : 27-07-2024

## ലേലം / ക്വട്ടേഷൻ പരസ്യം

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ വക മുളങ്കടകം ശ്മശാന കോമ്പൌണ്ടിൽ അപകടകരമായി നിൽക്കുന്ന ഏഴ് പുളി വാകമരങ്ങളുടെ അപകടകരമായ ശിഖരങ്ങൾ മുറിച്ചെടുക്കുന്നതിന് താത്പര്യമുള്ളവരിൽ നിന്നും ലേലം/ ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു .

ലേലതീയതി ;- 02/08 / 2024 11 .30 am

ഇ .എം.ഡി.യും ക്വട്ടേഷനും സ്വീകരിക്കുന്നത് :- 02/08 / 2024 11 ;00 am

മുഖവില :- 4411/-

നിരത ദ്രവ്യം :- 220/-

ലേല തുകയ്ക്ക് പുറമെ നിയമാനുസൃത നികുതിയും ഒടുക്കേണ്ടതാണ്.ഏതൊരു ലേലം/ക്വട്ടേഷനും നിരസിക്കുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമാണ്.നഗരസഭയുടെ ലേല നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും .ലേലദിവസം ഏതെങ്കിലും കാരണവശാൽ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 11 am ന് ലേലം നടത്തുന്നതായിരിക്കും.കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തി സമയത്തു റവന്യൂ വിഭാഗത്തിൽ നിന്നോ,www.kollamcorporation.gov.in എന്ന സൈറ്റിൽ നിന്നോ ലഭ്യമാണ്

.

കോർപ്പറേഷൻ സെക്രട്ടറി

പകർപ്പ് : നോട്ടീസ് ബോർഡ് - മെയിൻ ഓഫീസ് & സോണൽ ഓഫീസുകൾ

കോശി ജോൺ
അസി ഫോറസ്റ്റ് കൺസർവേറ്റർ

അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ
കാര്യാലയം
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കൊല്ലം
വനശ്രീ കോമ്പ്ലക്സ്, ചിന്നക്കട, കൊല്ലം
പിൻ: 691 001
ഫോൺ : 0474 2748976,
മൊബൈൽ : 9447979132,
ഇ- മെയിൽ : acf.sf-klm.for@kerala.gov.in
acfsfklm2018@gmail.com

SA4 - 1710/2023

തീയതി : 21/02/2024

സ്വീകർത്താവ്,

ക്ലീൻ സിറ്റി മാനേജർ,
കൊല്ലം കോർപ്പറേഷൻ

സർ,

വിഷയം : മുളങ്കാടകം ശ്മശാന കോമ്പൗണ്ടിൽ അപകടകരമായി നിൽക്കുന്ന ഏഴ് പുളി വാക മരങ്ങളുടെ അപകടകരമായ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിന് അനുമതി നൽകുന്നത് – സംബന്ധിച്ച്.

സൂചന :
1. GO(Rt) 68/10/F&WLD തീയതി: 10.02.2010
2. താങ്കളുടെ 19.09.2023 ലെ H3-31350/2023 നമ്പർ കത്ത്
3. കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ട്
4. ബഹു. കൊല്ലം കോർപ്പറേഷൻ മേയറുടെ ചേംബറിൽ വച്ച് 03.02.2024 ന് കൂടിയ ട്രീ കമ്മറ്റി മീറ്റിംഗിലെ തീരുമാനം

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപേക്ഷയിൽ പറയുന്ന മരങ്ങൾ പരിശോധിച്ച് കൊല്ലം സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ സൂചന മൂന്ന് പ്രകാരം റിപ്പോർട്ടും വിലനിർണയ പട്ടികയും സമർപ്പിച്ചിട്ടുണ്ട്. കൊല്ലം കോർപ്പറേഷൻ ട്രീ കമ്മറ്റി 03.02.2024 തീയതിയിൽ ബഹു. കൊല്ലം കോർപ്പറേഷൻ മേയറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും, അപകട ഭീഷണി കണക്കിലെടുത്ത് ടി മരങ്ങളുടെ അപകടകരമായ ശിഖരങ്ങൾ മാത്രം മുറിക്കുന്നതിനുള്ള അനുമതി നൽകുന്നതിനു തീരുമാനിച്ചിട്ടുള്ളതുമാണ്. മുറിച്ച് മാറ്റേണ്ട ശിഖരങ്ങളുടെ അളവ്, വിലവിവരം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചുറ്റു വണ്ണം (സെ.മീ.) | തടിയുടെ അളവ് (ക്യൂമീ.) | നിരക്ക് (ക്യൂമീ.) | വില | വിറകിന്റെ അളവ് (മെ.ടൺ) | നിരക്ക് (മെ.ടൺ) | തുക | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | പുളി വാക | 140 | - | - | - | 0.5 | 1470 | 735 | 735 |
| 2 | | 100 | - | - | - | 0.5 | 1470 | 735 | 735 |
| 3 | | 140 | - | - | - | 0.5 | 1470 | 735 | 735 |
| 4 | | 100 | - | - | - | 0.25 | 1470 | 368 | 368 |
| 5 | | 60 | - | - | - | 0.25 | 1470 | 368 | 368 |
| 6 | | 120 | - | - | - | 0.5 | 1470 | 735 | 735 |
| 7 | | 150 | - | - | - | 0.5 | 1470 | 735 | 735 |
| | ആകെ | | | | | | | | 4411/- |

ലേലത്തുകയോടൊപ്പം നിയമാനുസൃതമുള്ള മറ്റ് നികുതികളും ഈടാക്കേണ്ടതാണ്. ലേലത്തുകയുടെ (മരവില) 05% തുക വന വികസന നികുതിയായി ഈടാക്കി, വനം വകുപ്പിന്റെ 0406-01-101-96-00-FDT എന്ന ശീർഷകത്തിൽ ഡിവിഷന് കോഡ് 02/01 ആയി സർക്കാർ ഖജനാവിൽ ഒടുക്കി, ചെല്ലാൻ ഈ ആഫീസിൽ അയച്ച് തരേണ്ടതാണ്.

വിശ്വസ്തതയോടെ

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ,
കൊല്ലം

DA
25/03/24